**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1644** **04-02-2026 - ൽ മറുപടിയ്ക്ക്**

**തനത് കാർഷിക വിഭവങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീമതി ഉമ തോമസ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ തനത് കാർഷിക വിഭവങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികളാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | കാർഷിക വികസന കർഷകക്ഷേമ വകു മുഖേന പരമ്പരാഗത വിളകളായ നെല്ല്, ചാ വരഗ്, റാഗി പോലുള്ള ചെറുധാന്യങ്ങൾ, ഉഴുന്ന ചെറുപയർ, മുതിര പോലെയുള പയർവർഗ്ഗങ്ങൾ, മരച്ചീനി, ചേമ്പ്, ചേന മധുരക്കിഴങ്ങ് പോലെയുള്ള കിഴങ്ങുവർഗ്ഗങ്ങ എന്നിവയും നാളികേരം, കുരുമുളക്, ഏല തുടങ്ങിയ ദീർഘകാല നാണ്യവിളക കേരളത്തിന്റെ തനത് വിളകളിൽ ഉൾപ്പെടുന്ന ഈ വിളകൾ കേരളത്തിന്റെ കാർഷി പൈതൃകവും ഭക്ഷ്യ സംസ്കാരവുമാ ആഴത്തിൽ ബന്ധപ്പെട്ടവയാണ്.<br><br>വിള വിസ്തൃതി വർദ്ധനവും വികസനവു മൂല്യവർധനവും ലക്ഷ്യമിട്ട് സംസ്ഥാനത പ്രധാന വിളകളുടെ കൃഷിയ്ക്ക് പ്രോത്സാഹന നൽകി വരുന്നു. ഇതിൽ പ്രധാനമായും നെ നാളികേരം, സുഗന്ധവ്യഞ്ജനവിളക എന്നിവയ്ക്കുള്ള പദ്ധതികൾ ഉൾപ്പെടുന്നു.<br><br>നെൽ കൃഷി വികസന പദ്ധതിയിൽ സുസ്ഥി നെൽ കൃഷി വികസനവും, തരിശുനിലകൃഷിയു നെൽ ഉടമകൾക്കുള്ള റോയൽറ്റിയും പോലെ നിലവിലുള്ള ഘടകങ്ങൾക്ക് പുറ "നെൽകൃഷിയിൽ സൂക്ഷ്മ മൂലകങ്ങളുടെയു നാനോ യൂറിയ പോലെയുള്ള പുതു തലമു വളങ്ങളുടെയും പത്ര പോഷണം" എന്ന പുതി പദ്ധതി ഘടകം 2023-24 സാമ്പത്തിക വർഷ മുതൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇലകളിലൂ നൽകുന്ന സൂക്ഷ്മ പോഷകങ്ങൾ നെല്ലിന വിളവിനെ ക്രിയാത്മകമായി ബാധിക്കുന്നു എന്ന വസ്തുത കണക്കിലെടുത്തുകൊണ്ടാ |

പ്രസ്തുത ഘടകം പദ്ധതിയിൽ ഉൾപ്പെടുത്തിയ
പൊക്കാളി നെൽകൃഷിയുടെ പ്രാധാന
കണക്കിലെടുത്തുകൊണ്ട് 2025-26 സാമ്പത്തി
വർഷത്തിൽ പ്രോജക്ട് അടിസ്ഥാനത്തിലുള
പൊക്കാളി നെല്ലിനങ്ങളുടെ ഫീൽ
തലത്തിലുള്ള സീഡ് മൾട്ടിപ്ലിക്കേഷൻ എ
പുതിയ ഘടകം പദ്ധതിയി
ഉൾപ്പെടുത്തിയിട്ടുണ്ട്. 2026-27 സാമ്പത്തി
വർഷത്തിൽ അരിയുടെ മൂല്യവർദ്ധന
പ്രോൽസാഹിപ്പിക്കുന്നതിനായി കർഷ
കൂട്ടായ്മകൾക്ക് (FPO/ FIG/ SHG/ JLG
പ്രോജക്ട് അടിസ്ഥാനത്തിൽ പ്രോസസ്സിംഗിന
മൂല്യവർദ്ധനവിനും പലിശ ഇളവിനുള്ള ഘടക
ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

തെങ്ങിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയ
വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീ
വിളപരിപാലന മാർഗ്ഗങ്ങളും, കീടരോ
നിയന്ത്രണ മാർഗ്ഗങ്ങളും നടപ്പിലാക്കു
കേരരക്ഷാ വാരം പദ്ധതി നിലവി
നടപ്പിലാക്കിവരുന്നു. 2025- 26 സാമ്പത്തി
വർഷത്തിൽ നാളികേര വികസന പദ്ധതിയി
തെങ്ങിൻ തോട്ടങ്ങളിലെ സൂക്ഷ്മ ജലസേചന
ഫർട്ടിഗേഷൻ എന്നിവയ്ക്കായി പുതിയ ഘടക
ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിൽ സുഗന്ധവ്യഞ്ജന വിളകളു
പുതിയ ഇനങ്ങൾ ജനകീയമാക്കുന്നതിനുള്ള ഒ
സഹകരണ പരിപാടി 2025-26 സാമ്പത്തി
വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ICAR
ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ
റിസർച്ചും (IISR) കേരള കാർഷി
സർവ്വകലാശാലയും കർഷക ഗ്രൂപ്പുകളു
ഉൾപ്പെടുന്ന ഈ പരിപാടി ഉയർന്ന വിള
നൽകുന്നതും മെച്ചപ്പെട്ടതുമായ സുഗന്ധവ്യഞ്ജ
ഇനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു
ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പുതി
സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതി
കർഷകരെ പിന്തുണയ്ക്കുന്നതിനും ഊന്ന
നൽകുന്നു.

ബഹുവിള കൃഷി, ഇടവിള കൃഷി, വിള പരിക്രമണ
(crop rotation) എന്നിവയിലൂടെ വി
വൈവിധ്യവത്കരണം പ്രോത്സാഹിപ്പിക്കുകയ
അതുവഴി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയ
ചെയ്യുക എന്ന ലക്ഷ്യത്തോടെ 'വി
വൈവിധ്യവൽക്കരണം, വിളതീവ്രത, പുതി
വിളകളുടെ അവതരണം' എന്ന പദ്ധ

നടപ്പിലാക്കുന്നു. ഈ പദ്ധതിയിലൂ ചെറുധാന്യങ്ങളുടെയും പയറുവർഗങ്ങളുടെ എള്ളിന്റെയും കൃഷിക്ക് പ്രോൽസാഹ നൽകുന്നു.

രാജ്യമൊട്ടാകെ പയർവർഗ്ഗങ്ങളി സ്വയംപര്യാപ്തത കൈവരിക്കുകയെ ലക്ഷ്യത്തോടെ 2025-26 സാമ്പത്തി വർഷത്തിൽ കേന്ദ്ര സർക്കാർ നടപ്പിലാക്ക പദ്ധതിയാണ് പയർവർഗ്ഗങ്ങളി ആത്മനിർഭരത പദ്ധതി. ഗുണമേന്മയു വിത്തുകളുടെ വിതരണം, കൃഷി വിസ്തീർ വർധിപ്പിക്കൽ, ആധുനിക കൃ സാങ്കേതികവിദ്യകളുടെ പ്രചാരം, കർഷകർ പരിശീലനം സാങ്കേതിക പിന്തു എന്നിവയിലൂടെ പയർവർഗ്ഗങ്ങളി സ്വയംപര്യാപ്തത കൈവരിക്കുകയാ പദ്ധതിയുടെ ലക്ഷ്യം.

സംസ്ഥാനത്തെ ഓരോ വ്യക്തിയെ കുടുംബത്തെയും കൃഷിയിലേ ആകർഷിക്കുവാനും സ്വന്തമായി കൃ ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവ കാർഷികമേഖലയിൽ ജനകീയ മുന്നേ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയുമാ "ഞങ്ങളും കൃഷിയിലേക്ക്" എന്ന പരിപാ ആവിഷ്കരിച്ചു നടപ്പിലാക്കിയത് . ഇതി ഭാഗമായി ഉല്പാദനം, സേവനം, മൂല്യവർദ്ധന വിപണി എന്നീ മേഖലകളിലായി 23000- അധികം കൃഷിക്കൂട്ടങ്ങ രൂപീകരിക്കുകയുണ്ടായി.

കാർഷിക സർവ്വകലാശാല മുഖേ സംസ്ഥാനത്തിന്റെ തനത് കാർഷി വിഭവങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതി കേരള കാർഷിക സർവകലാശാ വിജ്ഞാനവ്യാപന വിഭാഗത്തി നിയന്ത്രണത്തിൽ വരുന്ന സ്ഥാപനങ്ങള വിവിധതരം പരിശീലന പരിപാടികൾ, മുൻനി പ്രദർശനങ്ങൾ, കൃഷിയിട പരീക്ഷണങ്ങ സെമിനാറുകൾ, പ്രദർശനങ്ങൾ മുതലായ നടപ്പിലാക്കി വരുന്നു. തനത് കാർഷി വിഭവങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതി വിത്ത്, നടീൽ വസ്തുക്കൾ, മ കാർഷികോപാധികൾ മുതലായവ KVKക ATIC എന്നിവ വഴി കർഷകരിലേ എത്തിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ തന വിളകളുടെ, പുതിയതായി വികസിപ്പിച്ചെടുത

| | | | |
|---|---|---|---|
| | | | ഇനങ്ങൾ, ഉൽപ്പന്നങ്ങൾ, മൂല്യവർദ്ധി ഉൽപ്പന്നങ്ങൾ, അതുമായി ബന്ധപ്പെട്ട ശാ സാങ്കേതിക വിദ്യകൾ മുതലായവയു ഉപയോഗം പ്രോത്സാഹിപ്പിക്കുക സംസ്ഥാനത്തെ ബ്ലോക്ക് തല കാർഷി വിജ്ഞാന കേന്ദ്രങ്ങളിലൂടെ കാർഷി സർവകലാശാല ശാസ്ത്രജ്ഞർമാർ വ പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. നടീ വസ്തുക്കൾ, കാർഷിക ഉൽപന്നങ്ങൾ എന്നി നേരിട്ട് കർഷകരിലേക്ക് എത്തിക്കുന്നതിനാ വിത്തുവണ്ടിയുടെ സേവനവും ലഭ്യമാക്കി വരുന്ന കൂടാതെ നെല്ലിന്റെ നാടൻ ഇനങ്ങൾ വിവി കേന്ദ്രങ്ങളിൽ സംരക്ഷിച്ചു വരുന്നു. തല്പരരാ കർഷകർക്ക് വിത്ത് ലഭ്യമാക്കുന്നതാണ്. |
| (ബി) | ഇതിനായി നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങളും സഹായങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേ മേൽ പറഞ്ഞ പദ്ധതി/പദ്ധതി ഘടകങ്ങൾക്കായി നൽകി വരുന്ന ആനുകൂല്യങ്ങൾ **അനുബന്ധ**മായി ചേർക്കുന്നു.<br><br>കാർഷിക സർവ്വകലാശാല മുഖേന കൃഷി വകുപ്പും കേരള കാർഷിക സർവകലാശാലയും ചേർന്ന് നടപ്പിലാക്കി വരുന്ന FPPP പ്രോഗ്രാമിന്റെ പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി BLAKC നോഡൽ ഓഫീസർമാർ മുഖാന്തരം (സർവകലാശാല ശാസ്ത്രജ്ഞർ) മുൻനിര പ്രദർശനങ്ങൾ, കൃഷിയിട പരീക്ഷണങ്ങൾ, കൃഷി കർഷക കൂട്ടങ്ങൾ സംഘടിപ്പിക്കൽ, ആവശ്യമായ ഇനങ്ങൾക്ക് ഭൗമ സൂചിക പദവി ലഭ്യമാക്കൽ, കർഷകരെ ആദരിക്കൽ എന്നിവ ചെയ്ത് വരുന്നു. |
| (സി) | ഗുണനിലവാരമുള്ള മൂല്യവർദ്ധിത കാർഷികോല്പന്നങ്ങൾ സംസ്ഥാനത്ത് നിന്ന് കയറ്റുമതി ചെയ്യുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേ സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക സംഭരണ വിപണന സംവിധാനം ഒരുക്കുന്നതിനായി 19/10/2023 ന് കേരള അഗ്രോബിസിനസ് കമ്പനി (KABCO) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കർഷകർക്ക് അവരുടെ വിളകൾ കാര്യക്ഷമമായി പ്രോസസ്സ് ചെയ്യാനും, അവരുടെ ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള ആഭ്യന്തര, വിദേശ വിപണികളെ തിരിച്ചറിയാനും, കേരളത്തിന്റെ നാടൻ കാർഷിക ഉൽപന്നങ്ങളും അവയിൽ നിന്ന് ലഭിക്കുന്ന മൂല്യവർധിത ഉൽപ്പന്നങ്ങളും വികസിപ്പിക്കുകയും വിപണനം ചെയ്യുകയും, ദേശീയ, അന്തർദേശീയ നിലവാരത്തിലുള്ള പ്രോസസ്സിംഗ് ടെക്നോളജി, അതുപോലെ തന്നെ കൺസൾട്ടൻസികൾ എന്നിവയുൾപ്പെടെ, കാർഷിക, ഭക്ഷ്യ മൂല്യവർദ്ധനയ്ക്കുള്ള ഒരു ഇന്റർ ഡിസിപ്ലിനറി ഇൻസ്റ്റിറ്റ്യൂട്ട് സൃഷ്ടിക്കുന്നതിനും, അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കും |

| | | | |
|---|---|---|---|
| | | | ആവശ്യകതകൾക്കും അനുസൃതമായി കാർഷിക ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും സംഭരിക്കുന്നതിനും പാക്കിംഗിനും വിപണന ബിസിനസ് സെൻററുകളും, അഗ്രോ പാർക്കുകളും സ്ഥാപിക്കുന്നതിനും കാബ്കോ മുഖേന സാധ്യമാക്കും.<br><br>കാർഷിക സർവ്വകലാശാല മുഖേന ഗുണനിലവാരമുള്ള മൂല്യവർദ്ധിത കാർഷികോല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് വിവിധ തലത്തിലുള്ള പരിശീലന പരിപാടികൾ, സംരംഭകത്വ പരിശീലനങ്ങൾ എന്നിവ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | പദ്ധതി | പദ്ധതി ഘടകം | നൽകി വരുന്ന ആനുകൂല്യം |
|---|---|---|---|
| 1 | നെൽ കൃഷി വികസനം | നെൽ കൃഷിയിൽ സൂക്ഷ്മ മൂലകങ്ങളുടെ പത്ര പോഷണം | ഹെക്ടർ ഒന്നിന് 2000/- രൂപ |
| 2 | നെൽ കൃഷി വികസനം | പൊക്കാളി നെല്ലിനങ്ങൾക്ക് ഫീൽഡ് തലത്തിലുള്ള സീഡ് മൾട്ടിപ്ലിക്കേഷൻ | ഹെക്ടർ ഒന്നിന് 100,000/- രൂപ |
| 3 | നാളികേര വികസനം | കേര രക്ഷാ വാരം | പച്ചിലവളങ്ങൾ, പയർവർഗ്ഗങ്ങൾ എന്നിവയുടെ ഉപയോഗത്തിന്<br>6.25 രൂപ/ തെങ്ങ്<br>തെങ്ങ് വൃത്തിയാക്കുന്നതിനും കീടനാശിനികളുടെ ഉപയോഗത്തിന് തെങ്ങൊന്നിന് 75/- രൂപ |
| 4 | നാളികേര വികസനം | തെങ്ങിൻ തോട്ടങ്ങളിൽ സൂക്ഷ്മ ജലസേചനം/ ഫെർട്ടിഗേഷൻ ആരംഭിക്കുന്നതിനുള്ള സബ്സിഡി സഹായം | ഏക്കറിന് 20,000/- രൂപ |
| 5 | സുഗന്ധ വ്യഞ്ജന വിളകളുടെ വികസനം | പുതുതായി വികസിപ്പിച്ച സുഗന്ദ വ്യഞ്ജന ഇനങ്ങളുടെ ഫീൽഡ് മൾട്ടിപ്ലിക്കേഷനായി ഐ.സി.എ.ആർ സ്ഥാപനങ്ങളുമായും കാർഷിക സർവ്വകലാശാലയുമായും സഹകരിച്ചുകൊണ്ടുള്ള പരിപാടി | പുതിയ ഇനങ്ങളുടെ നടീൽ വസ്തുക്കൾ തിരഞ്ഞെടുത്ത കർഷകർക്ക് ലഭ്യമാക്കും |
| 6 | വിള വൈവിധ്യവൽക്കരണം, | ചെറുധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, എണ്ണക്കുരുകൾ എന്നിവയിലൂടെ വിള വൈവിധ്യവൽകരണം | പയറുവർഗ്ഗങ്ങൾക്ക് ഹെക്ടർ ഒന്നിന് 15000/- രൂപ, ചെറുധാന്യങ്ങൾക്ക് ഹെക്ടർ ഒന്നിന് 20000/- രൂപ |

| | | | |
|---|---|---|---|
| | വിളതീവ്ര<br>ത, അവ<br>തരണം | | |